23004/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിലെ ചാർപ്പ റെയിഞ്ചിലുള്ള ഒരു ഹെഡ് അക്കൗണ്ടന്റ് തസ്തിക പീച്ചി വന്യജിവി ഡിവിഷനിലേക്ക് പുനർ വിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം. 186/2015/വനം　　　　തീയതി, തിരുവനന്തപുരം, 04/05/2015

പരാമർശം: 1. സ.ഉ(സാധാ) നം.86/2010/വനം തീയതി 01/03/2010
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11/2/2015-ലെ ഇ 3-24560/14 നമ്പർ കത്ത്.

**ഉത്തരവ്**

പീച്ചി വന്യജീവി ഡിവിഷന് കീഴിൽ നിലവിൽ പീച്ചി, ചിമ്മിനി, ചൂലന്നൂർ എന്നിങ്ങനെ 3 സാങ്ച്വറികൾ നിലവിലുണ്ടെന്നും പീച്ചി വന്യജീവി ഡിവിഷൻ രൂപം കൊണ്ട സമയത്തുണ്ടായിരുന്ന ഓഫീസ് ജീവനക്കാരുടെ തസ്തികകൾ മാത്രമാണ് ഇപ്പോഴും നിലനിൽക്കുന്നതെന്നും പ്രധാനപ്പെട്ട 3 വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ജോലികൾ സമയപരിധിക്കുള്ളിൽ ചെയ്ത് തീർക്കാൻ സാധിക്കാത്ത തരത്തിൽ ജോലി ഭാരം ഉള്ളതിനാൽ വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിലെ ചാർപ്പ റെയിഞ്ചിലുള്ള ഒരു ഹെഡ് അക്കൗണ്ടന്റ് തസ്തിക പീച്ചി വന്യജീവി ഡിവിഷനിലേക്ക് പുനർവിന്യസിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിലെ ചാർപ്പ റെയിഞ്ചിലുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തിക പീച്ചി വന്യജീവി ഡിവിഷനിലേക്ക് പുനർവിന്യസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജൻ. ആർ**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തിരുവനന്തപുരം
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ ഡിവിഷൻ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ